വസ്തുക്കൾ സോവിയററ് കമ്പോളത്തിലും സോവിയററ് നിർമിതവസ്തുക്കൾ ഇന്ത്യൻ കമ്പോളത്തിലും കൂടുതലായി വിററഴിയും. ഇരുജനതകളും തമ്മിലുള്ള സമ്പർക്കം ഗാഢതരമാവുകയും ചെയ്യും.

ഇന്ത്യയോടെന്നപോലെ, അമേരിക്ക, പടിഞ്ഞാറെ യൂറോപ്പ്, ചൈന, ജപ്പാൻ മുതലായ രാജ്യങ്ങളോടും കൂടുതൽ നിർമാണാത്മകമായ ബന്ധം പുലർത്താനാണ് സോവിയററ് യൂണിയൻ ഇപ്പോൾ ശ്രമിക്കുന്നത്. ഇതിൻഫലമായി ഇൻഡോ–സോവിയററ് ബന്ധങ്ങളിൽ ശൈഥില്യമുണ്ടാകുന്നില്ല എന്ന് ഈ സംയുക്തപ്രഖ്യാപനം വ്യക്തമാക്കുന്നു. പ്രഖ്യാപനത്തിൽ ഉന്നയിച്ച ആശയങ്ങൾക്കു മൂർത്തരൂപം നൽകുന്നതിന് ഒട്ടേറെ പ്രവർത്തനം ഇനിയങ്ങോട്ടു നടക്കാനുണ്ട്.

ഈ ഇന്ത്യാ–സോവിയററ് സംയുക്തപ്രഖ്യാപനം സൂക്ഷ്മമായ പഠനവും വിശദമായ ചർച്ചയും അർഹിക്കുന്ന ഒരു രേഖയാണ്. അതിന്റെ പ്രാധാന്യത്തെ നാം പൂർണമായും ഉൾക്കൊള്ളുകയും അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ലക്ഷ്യങ്ങളിലേക്കു നമ്മുടെ പ്രയാണത്തെ ത്വരിപ്പിക്കുന്നതിന് സംഘടിതമായി ജനകീയതലത്തിലും സർക്കാർ തലത്തിലും ശ്രമിക്കുകയും വേണം.

(25 നവംബർ, 1988)

# 7. ചൈന

കാണേക്കാണെ ലോക കമ്യൂണിസ്റ്റ് ആശയസംഹിതയിലും പ്രവർത്തനശൈലിയിലും സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ മനസ്സിലാക്കുവാൻ നാം സോവിയററ് യൂനിയനോടൊപ്പം ജനകീയ ചൈനയെയും ഉററുനോക്കേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ തൊട്ടയൽപക്കവും പല രംഗങ്ങളിലും എതിരാളിയുമെന്ന നിലയിലും ചൈന നമ്മുടെ നിരന്തരപഠനം അർഹിക്കുന്നു. ചൈനയ്ക്കും ഇന്ത്യയ്ക്കും ഇടയിൽ ഇനിയും പരിഹരിക്കപ്പെടാത്തതും ഒരിക്കൽ യുദ്ധത്തോളം എത്തിയതുമായ ഒരു നീണ്ട അതിർത്തിത്തർക്കം നിലവിലുണ്ടെന്ന വസ്തുതയും നാം മറന്നുകൂടാ.

പക്ഷേ, ചൈനയിൽനിന്നു നന്നെ കുറച്ചു വാർത്തകളേ നമുക്കു ലഭിക്കുന്നുള്ളു. ലഭിക്കുന്ന വർത്തകൾതന്നെ ശരിയായ പശ്ചാത്തലത്തിൽ പഠിക്കപ്പെടുന്നുമില്ല.

ചൈനയുടെ പാർലമെൻറ് ആയ നാഷണൽ പീപ്പിൾസ് കോൺഗ്രസ് 1988 മാർച്ച് 21–ാം തീയതി സമ്മേളിക്കുകയുണ്ടായി. ഇതിനുമുമ്പ്, 1987 ഒക്ടോബറിൽ സമ്മേളിച്ച ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ പതിമൂന്നാം സമ്മേളനം (കോൺഗ്രസ്), ചൈനയെ സാമ്പത്തികമായി പുരോഗമിപ്പിക്കുന്നതിനുള്ള ഒരു പരിപാടി ആവിഷ്കരിച്ചിരുന്നു. സോഷ്യലിസം സ്ഥാപിച്ചുകഴിഞ്ഞിരിക്കയാൽ, ചൈനയുടെ അടുത്ത ലക്ഷ്യം ദാരിദ്ര്യനിവാരണമാണെന്ന് പാർട്ടികോൺഗ്രസ്സിനുമുമ്പ് പാർട്ടി സെക്രട്ടറി സാവോസിയാങ് പ്രസ്താവിച്ചിരുന്നു.

## അന്താരാഷ്ട്രീയരംഗം

ചൈനയിലെ ആക്ടിംഗ് പ്രധാനമന്ത്രിയായിരുന്ന ലിപെങ് (പിന്നീട് ഇദ്ദേഹം പ്രധാനമന്ത്രിപദത്തിൽ സ്ഥിരപ്പെടുത്തപ്പെട്ടു) നാഷണൽ പീപ്പിൾസ് കോൺഗ്രസ്സിൽ അവതരിപ്പിച്ച അറുപത്തേഴു പേജുള്ള റിപ്പോർട്ടിൽ അമ്പ

ത്തേഴ പേജും സാമ്പത്തികകാര്യങ്ങളെപ്പററിയായിരുന്നു; വിദേശബന്ധങ്ങളെ പ്പററി പ്രതിപാദിച്ചിരുന്നതു് പത്തു പേജുകളിൽ മാത്രമായിരുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ തുടർന്നുവന്ന വിദേശനയത്തിൽ ചൈന സന്തുഷ്ടമാണു്; ഇന്നത്തെ ലോകവ്യവസ്ഥിതി ചൈനയ്ക്കനുകൂലമാണെന്ന വിശ്വാസമാണു് അവർക്കുള്ളതു്. അമേരിക്കൻ ചേരിയിലോ റഷ്യൻ ചേരിയിലോ ചൈന ചേരില്ല. ആയുധപ്പന്തയത്തിലും ചൈനയ്ക്കു താല്പര്യമില്ല. അണുസ്ഫോടന പരീക്ഷണം 1986—ൽ ചൈന നിർത്തിവെച്ചതാണു്. ആത്മരക്ഷയ്ക്കുവേണ്ടി കറെ ആററംബോംബുകരം ചൈന നിർമിച്ചു കൈവശം വയ്ക്കുന്നുണ്ടു്. ശത്രുവിനെതിരെ ചൈന ആദ്യമായി ആററംബോംബു് പ്രയോഗിക്കില്ല. എങ്കിലും, അമേരിക്കയും റഷ്യയും അവരുടെ അണു—ആയുധ—ശേഖരം ഗണ്യമായി കറയ്ക്കുംവരെ അണു—ആയുധ—നിരോധം സംബന്ധിച്ച അന്താരാഷ്ട്രീയ ചർച്ചകളിൽ ചൈന പങ്കെടുക്കില്ല.

ചൈനയും അമേരിക്കയും തമ്മിൽ ഇപ്പോഴുള്ള ബന്ധത്തിലും ചൈനയ്ക്കു സന്തുഷ്ടിയാണുള്ളതു്. റഷ്യയുമായുള്ള ചൈനയുടെ ബന്ധങ്ങരം ഇപ്പോരം മെച്ചമല്ല; എങ്കിലും, അവ മെച്ചപ്പെട്ടുകൊണ്ടിരിക്കയാണു്. റഷ്യൻ കമ്യൂണിസ്റ്റ് പാർട്ടിയുമായുള്ള ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ബന്ധങ്ങരംക്കു് 'മൂന്നു തടസ്സങ്ങരം' ഇപ്പോഴുമുണ്ടു്; അവ തീർക്കാൻ സോവിയററ് പാർട്ടി പ്രതിനിധികളുമായി ചർച്ചകരം നടത്തുന്നതിനു് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി തയ്യാറാണു്. ഈ ചർച്ചകരംക്കുള്ള ഒരു മുൻ ഉപാധി, കമ്പൂച്ചിയയിൽ വിയററ്നാം നടത്തുന്ന ആക്രമണത്തെ സോവിയററ് റഷ്യ സഹായിക്കരുതെന്നത്രെ. നരോദം സിഹാനൂക്ക് രാജകുമാരനുമായി സംസാരിച്ചു് വിയററ്നാം സേന കമ്പൂച്ചിയയിൽനിന്നു് ഒഴിഞ്ഞുപോകണം. അഫ്ഘാനിസ്ഥാനിൽ നിന്നു റഷ്യൻപട പിന്മാറണം; ഇപ്പോഴത്തെ അഫ്ഘാൻ ഗവണ്മെൻറ് ഒളിപ്പോരാളികളുടെ പ്രതിനിധികളെക്കൂടി ഉരംപ്പെടുത്തി വികസിപ്പിക്കുകയും വേണം.

ഇന്ത്യയുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്ന കാര്യത്തിനു് വലിയ പ്രാധാന്യമൊന്നും ഇപ്പോരം ചൈന നൽകുന്നില്ല. ചൈനയും പാകിസ്ഥാനും തമ്മിലുള്ള സുഹൃദ്ബന്ധത്തിലും മാററമൊന്നും പ്രതീക്ഷിക്കേണ്ടതില്ല.

## സാമ്പത്തികരംഗം

മുതലാളിത്തരാഷ്ട്രങ്ങളെപ്പോലെ കയററുമതിക്കു പ്രാധാന്യം നൽകുന്ന ഒരു സമ്പദ്ഘടന പടുത്തുയർത്താനാണു് ജനകീയചൈനയും ശ്രമിക്കുന്നതു്. കയററുമതിയിലൂടെ കൂടുതൽ വിദേശനാണ്യം, അതും ഡോളറും യെന്നുംപോലുള്ള ദൃഢ (ഹാർഡ്) കറൻസി നേടുകയാണു് ചൈനയുടെ അടിയന്തിര ലക്ഷ്യം. വിദേശ മൂലധനനിക്ഷേപം അനുവദിക്കുന്ന നാലു് പ്രത്യേക സാമ്പത്തിക മേഖലകരം (സ്പെഷൽ ഇക്കണോമിക് സോൺ) ഇപ്പോരം ചൈനയിലുണ്ടു്. ഇവയിൽ വിദേശ മൂലധനസഹായത്തോടെ പ്രവർത്തിക്കുന്ന 1300—ലേറെ വ്യവസായസ്ഥാപനങ്ങരം നിലവിൽ വന്നിരിക്കുന്നു. നൂററെൺപത്താറു കോടി ഡോളറോളം വരുന്ന വിദേശമൂലധനം ഇവയിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ടു്. 1987—ൽ ചൈനയുടെ വിദേശവ്യാപാരം എണ്ണായിരത്തി ഇരുനൂററെഴുപതു കോടി ഡോളറോളമായിരുന്നു. നാലായിരത്തിമുന്നൂററമ്പതു കോടി ഡോളർ വിലവരുന്ന സാധനങ്ങരം വിദേശങ്ങളിൽനിന്നു ചൈന വാങ്ങി; മൂവായിരത്തി തൊള്ളായിരത്തമ്പതു കോടി ഡോളർ വിലവരുന്ന സാധനങ്ങരം കയററിയയച്ചു. 1987—ൽ ചൈനയുടെ വ്യാപാരക്കമ്മി മുന്നൂററെഴുപതു കോടി ഡോളർ മാത്രമായിരുന്നു. കഴിഞ്ഞ ആണ്ടിൽ എഴുനൂററമ്പത്തേഴ കോടി ഡോളർ വിദേശമൂലധനം ചൈനയിൽ നിക്ഷേപിക്കപ്പെട്ടു.

ഇക്കഴിഞ്ഞ പത്തു വർഷങ്ങളിൽ പതിനായിരത്തിലേറെ ഉയർന്ന

സാങ്കേതികവിദ്യകളും (ടെക്നോളജി) ആയിരം കോടി ഡോളർ വിലയുള്ള യന്ത്രസാമഗ്രികളും വിദേശങ്ങളിൽനിന്നു ചൈന ഇറക്കുമതിചെയ്തു. ആയിരത്തിഅഞ്ഞൂററിമുപ്പത്തെട്ടു കോടി ഡോളർ വിദേശങ്ങളിൽനിന്നു കടം വാങ്ങി; വിദേശസഹകരണത്തോടെ പതിനായിരം വ്യവസായങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഈ വ്യവസായങ്ങളിൽ പലതും പൂർണമായും വിദേശീയരുടെ ഉടമയിലുള്ളവയാണ്.

ചൈന സ്വന്തം സങ്കേതവിദ്യ കയററി അയയ്ക്കാനും തുടങ്ങിയിട്ടുണ്ട്. നൂറു രാജ്യങ്ങളിൽ നിർമാണപ്പണികൾ ചൈനക്കാരേറ്റെടുത്തു; തൊഴിലാളികളെ അയച്ച് ഇത്തരം പണികൾ നടത്തിക്കൊടുക്കുകയുംചെയ്തു. ഇതിൽനിന്ന് നാനൂറു കോടി ഡോളർ ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ചൈന നേടി. വിദേശങ്ങളിൽനിന്നു കൂടുതൽ കടം വാങ്ങാനും ചൈന ഉദ്ദേശിക്കുന്നുണ്ട്.

അടുത്ത അഞ്ചു വർഷങ്ങളിൽ ചൈനീസ് ഗവണ്മെൻറിൻെറ മുഖ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1 കൃഷിവികസനം. പന്ത്രണ്ടു വർഷങ്ങൾക്കുള്ളിൽ ധാന്യോല്പാദനം അമ്പതു കോടി ടൺ (1987—ലേതിനെക്കാൾ പത്തു കോടി ടൺ അധികം) ആയി ഉയർത്തുക.

2 അടിസ്ഥാനവ്യവസായങ്ങൾ കെട്ടിപ്പടുക്കുക.

3 ഇപ്പോഴത്തെ സാമ്പത്തിക—രാഷ്ട്രീയ—പരിഷ്കാരങ്ങൾ മുന്നോട്ടു കൊണ്ടുപോകുക. (വ്യവസായത്തിൽ സ്വകാര്യ ഉടമസ്ഥം രാഷ്ട്രീയത്തിൽ ജനാധിപത്യത്തിനും പ്രോത്സാഹനം നൽകുകയാണ് ഈ പരിഷ്കാരങ്ങളുടെ ഉദ്ദേശ്യം).

4 ലോകവാണിജ്യത്തിൽ കൂടുതൽ സക്രിയമായി പങ്കെടുക്കുക. ഇതിനായി ഹൈനാൻ ദ്വീപ് ചൈനയിലെ ഏററവും വലിയ അഞ്ചാമത്തെ പ്രത്യേക സാമ്പത്തിക മേഖലയാക്കുക. അവിടെ വിദേശീയ മൂലധനനിക്ഷേപകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുക.

5 സൈനികശക്തി മെച്ചപ്പെടുത്തുക.

ചൈനയിൽ നിലവിലുള്ള നികുതിവെട്ടിപ്പ്, കോഴ, നിർബന്ധപ്പിരിവ്, നിയമവിരുദ്ധമായി വ്യാജ ഉല്പന്നങ്ങളുടെ നിർമാണം മുതലായവയെപ്പററി ലിപെങ്ങിൻെറ റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും, ആഭ്യന്തരസ്ഥിതിയിൽ പൊതുവെ സംതൃപ്തി രേഖപ്പെടുത്തുകയാണ് റിപ്പോർട്ട ചെയ്തിട്ടുള്ളത്. പാർട്ടികോൺഗ്രസ്സിൽ 2892 പ്രതിനിധികൾ പങ്കെടുത്തു. ഇവരിൽ 71 ശതമാനം പേർ ആദ്യമായാണ് കോൺഗ്രസ്സിലേക്കു തെരഞ്ഞെടുക്കപ്പെടുന്നത്. അവർക്ക് സർക്കാരിൻെറ പ്രവർത്തനത്തെപ്പററി ധാരാളം പരാതികളുണ്ടായിരുന്നു. ഇതു കാണിക്കുന്നത് ജനാധിപത്യവൽകരണത്തിൽ ചൈന നേടുന്ന പുരോഗതിയെയാണെന്നു കരുതപ്പെടുന്നു.

ചൈന ഒരു ഏകാത്മക—ബഹുദേശീയതാരാഷ്ട്രം (യൂണിററി മൾട്ടിനാഷണൽ കൺട്രി) ആണെന്നും, ന്യൂനപക്ഷങ്ങൾക്ക് അവിടെ സാംസ്കാരിക സ്വയംഭരണം ഉണ്ടായിരിക്കുമെന്നും ലിപെങ് തൻെറ റിപ്പോർട്ടിൽ പറഞ്ഞു. തിബത്തിലെ ലഹളകളെ അദ്ദേഹം ആക്ഷേപിക്കുകയുംചെയ്തു. ന്യൂനപക്ഷങ്ങൾക്ക് രാഷ്ട്രീയ സ്വയംഭരണം നൽകുന്ന കാര്യം ലിപെങ്ങിൻെറ റിപ്പോർട്ടിൽ സ്പർശിക്കപ്പെട്ടിരുന്നില്ല.

നാഷനൽ പീപ്പിൾസ് കോൺഗ്രസ് സമ്മേളനം, 83 വയസ്സായ ലീഷിയാനിൻെറ സ്ഥാനത്ത് ജനറൽ യാങ് ഷാങ് കുനിനെ ചൈനയുടെ പ്രസിഡണ്ട് ആയി തിരഞ്ഞെടുത്തു. ആക്ടിങ് പ്രധാനമന്ത്രിയായിരുന്ന ലിപെങ്ങിനെ പ്രധാനമന്ത്രിപദവിയിൽ സ്ഥിരപ്പെടുത്തി. സാവോസിയാങ് കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയായി തുടരുന്നു. ചൈനയിലെ ഇപ്പോഴത്തെ അത്യുന്നത നേതാവായ ഡെങ് സ്യാവോപിങ് കേന്ദ്ര മിലിററി കമ്മീഷൻെറ അദ്ധ്യക്ഷനാണ്; അതിൻെറ ഉപാദ്ധ്യക്ഷന്മാരാണ് സാവോസിയാങ്ങും ജന

റൽ യാങ് ഷാങ് കുനിനും. അങ്ങനെ, ചൈനീസ് ഭരണകൂടത്തിൽ നിർണായകശക്തിയായ സൈന്യത്തിൻെറമേൽ ഡെങ് സ്യാവോപിങ്ങിനു് പൂർണ നിയന്ത്രണമുണ്ടു്.

കമ്മ്യൂണിസത്തിൻെറ ചട്ടക്കൂടിനകത്തു് ഉല്പാദനരംഗത്തു് സ്വകാര്യ–ഉടമയും ഭരണരംഗത്തു് ജനാധിപത്യവും പ്രോത്സാഹിപ്പിക്കുന്ന ഡെങ്, ലോകമുതലാളിത്തത്തോടു് സമാധാനപരമായ മത്സരമാണു് കാംക്ഷിക്കുന്നതു്. സർക്കാർ ഉടമയിലുള്ള വ്യവസായങ്ങളിൽ ഫാക്ടറി മാനേജർമാർക്കു് കൂടുതൽ സ്വാതന്ത്ര്യം നൽകാനും കേന്ദ്രനിയന്ത്രണം കഴിയുന്നത്ര കുറയ്ക്കാനും അദ്ദേഹം ആഗ്രഹിക്കുന്നു. മാർക്കററു് ശക്തികളുടെ കടിഞ്ഞാൺ അയച്ചുവിടുന്നതു നിമിത്തം, സാധനവില, വിതരണസമ്പ്രദായം എന്നിവയിൽ ഗണ്യമായ മാററം ഉണ്ടാകുമെന്നും ഇതെല്ലാം ചേർന്നു് ചൈനയെ ഒരു ആധുനിക–വ്യവസായവത്കൃത–സമ്പന്നരാഷ്ട്രമാക്കുമെന്നുമാണു് ഡെങ്ങിൻെറ പക്ഷം. മാവോവിൻെറ സങ്കല്പത്തിലുണ്ടായിരുന്ന കമ്യൂണിസത്തിൽനിന്നു് എത്രയോ വ്യത്യസ്തമാണു് ഡെങ് സങ്കല്പിക്കുന്ന ചൈനീസ് കമ്യൂണിസം.

ഡെങ്, ലിപെങ്, സാവോസിയാങ് എന്ന മൂന്നു നേതാക്കളാണു് ഇപ്പോൾ മുഖ്യമായും ചൈനയുടെ ഭാഗധേയം നിയന്ത്രിക്കുന്നതു്.

(3 മേയ്, 1988)

# 8. പാകിസ്ഥാൻ സിയ–ഉൽ–ഹക്കിനു ശേഷം

പാകിസ്ഥാൻെറ ഏതാണ്ടു് മധ്യഭാഗത്തു്, ഇന്ത്യൻ അതിർത്തിക്കടുത്തുള്ള ബഹാവൽപൂർ എന്ന സൈനിക കേന്ദ്രത്തിൽനിന്നു്, 1988 ആഗസ്റ്റ് 17–ാം തീയതി വിമാനത്തിൽ തലസ്ഥാനമായ ഇസ്ലാമാബാദിലേക്കു യാത്രചെയ്യാൻ പറന്നുയരവേ, വിമാനം തകർന്നു നിലത്തുവീണു് കത്തിപ്പോയതിനാൽ, പതിനൊന്നു വർഷമായി പാകിസ്ഥാനിൽ സൈനിക സർവാധിപതിയായിരുന്ന സിയാ ഉൽ ഹക്കു് മരിച്ചുപോയി സിയയോടൊപ്പം മരിച്ച ഇരുപത്തൊൻപതുപേരിൽ, പാകിസ്ഥാനിലെ അമേരിക്കൻ അംബാസഡറും മിലിട്ടറി അററാഷേയും, പാകിസ്ഥാൻ സേനാധിപതിയും ആ സേനയിലെ മൂന്നു് മേജർ ജനറൽമാരും അഞ്ചു ബ്രിഗേഡിയർമാരും ഉൾപ്പെട്ടിരുന്നു. ബഹാവൽപൂരിൽ അമേരിക്കൻ ടാങ്കുകളുടെ പ്രകടനം കാണാൻ പോയതാണത്രെ ഇവരെല്ലാം. ഇന്ത്യയുടെ അതിർത്തിയിൽ ഈ സൈനിക പ്രമാണികളെല്ലാംകൂടി എന്തുചെയ്യുകയായിരുന്നു എന്നതു്, അവർ യാത്രചെയ്തിരുന്ന വിമാനം എങ്ങനെ തകർന്നു എന്നതുപോലെതന്നെ, ഒരു രഹസ്യമായി ഇപ്പോഴും അവശേഷിക്കുന്നു.

വിമാനം തകർന്നു നാലു മണിക്കൂറിനു ശേഷമേ സിയായുടെ മരണത്തെപ്പററിയുള്ള വിവരങ്ങൾ പാകിസ്ഥാൻ സർക്കാർ പുറത്തുവിട്ടുള്ളു. ഇതിനിടെ, പാകിസ്ഥാനിലെ നാലു സംസ്ഥാനങ്ങളിൽ മൂന്നെണ്ണത്തിലെ (പഞ്ചാബ്, അതിർത്തി സംസ്ഥാനം, ബലൂചിസ്ഥാൻ) ആക്ടിങ് ചീഫ് മിനിസ്റ്റർമാരും (ഇവരെയെല്ലാം സിയാ നിയമിച്ചതായിരുന്നു) കേന്ദ്രഗവണ്മെൻറിലെ ഏതാനും മന്ത്രിമാരും, മരിക്കാതെ അവശേഷിച്ച സൈനിക നേതാക്കളിൽ ചിലരും ചേർന്നു് കൂടിയാലോചിച്ചു്, പാകിസ്ഥാനിലെ 'സെനററു്' എന്ന ഉപരിസഭയുടെ ചെയർമാനായിരുന്ന, എഴുപത്തിമൂന്നു വയസ്സു പ്രായമുള്ള, ഗുലാം ഇസഹാക്ക് ഖാൻ എന്ന മുൻ സർക്കാർ ഉദ്യോഗസ്ഥനെ ആക്ടിങ് പ്രസിഡണ്ടായി വാഴിച്ചു. മരണത്തിനു മുമ്പു് സിയ ഉൽ ഹക്കു് പ്രഖ്യാപിച്ചിരുന്നതുപോലെ, 1988 നവംബർ 16–ാം തീയതി പാകിസ്ഥാനിൽ പൊതുതെരഞ്ഞെ